"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 — നെൽകൃഷിക്കുള്ള പലിശരഹിത വായ്പ പദ്ധതിയുടെ പലിശ സബ്സിഡി - പൊൽപ്പുള്ളി സർവീസ് സഹകരണ ബാങ്ക് ലിമി നം . എഫ്.1198 ന് ധനസഹായം അനുവദിയ്ക്കുന്നത് - രണ്ടാം ഗഡു തുക അനുവദിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.295/2024/Co-Op തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:-

1. സ.ഉ (കൈ) 66/2011/സഹ തീയതി 28.03.2011
2. 23/05/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
3. സഹകരണ സംഘം രജിസ്ട്രാറുടെ പി & എം എ (5) 4051/ 2023 നം കത്ത്.
4. സ.ഉ (സാധാ) നം. 350/2023/സഹ തീയതി 13/06/2023
5. സ.ഉ (സാധാ) നം.501/2023/സഹ തീയതി 21/08/2023
6. സഹകരണ സംഘം രജിസ്ട്രാറുടെ 12/05/2024 ലെ പി & എം എ (5) 8389/22 നം കത്ത്
7. **ഇ അനുമതി നമ്പർ AS/COP/24/ 34952**

**ഉത്തരവ്**

നെൽകർഷകർക്ക് നെൽകൃഷിക്കായി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും എടുക്കുന്ന നെൽകൃഷിക്കുള്ള പലിശ രഹിത വായ്പ പദ്ധതിയുടെ പലിശ സബ്സിഡി അനുവദിയ്ക്കുന്നതിനും ടി പദ്ധതി നടത്തിപ്പിനാവശ്യമായ തുക 2425-107-80 ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും പരാമർശം (1) ഉത്തരവ് പ്രകാരം ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. അപ്രകാരം പൊൽപ്പുളളി സർവ്വീസ് സഹകരണ ബാങ്ക് 2017-18 മുതൽ 2021-22 സാമ്പത്തിക വർഷം വരെ നൽകിയിട്ടുള്ള നെൽകൃഷിക്കുള്ള പലിശ രഹിത വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ ടി സംഘത്തിന്റെ ക്ലെയിം തുകയായ 1,81,33,531/- രൂപ (നൂറ്റി എൺപത്തൊന്ന് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി അഞ്ഞൂറ്റിമുപ്പത്തി ഒന്ന് രൂപ മാത്രം) 2023-2024 സാമ്പത്തിക വർഷത്തെ 2425-107-80-34-3 എന്ന പദ്ധതി ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും

അനുവദിക്കുന്നതിന് പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതിയും ,പരാമർശം(4) സർക്കാർ ഉത്തരവ് പ്രകാരം ആദ്യ ഗഡുവായി ഭരണാനുമതി തുകയുടെ 50% തുകയായ 90,66,765.5/- രൂപ 2425-107-80-34-3 ശീർഷകത്തിൽ നിന്നും 2023-24 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക് Ltd No. F 1198 ന് നെൽകൃഷിക്കുള്ള പലിശ രഹിത വായ്പയുടെ പലിശ സബ്സിഡി ഇനത്തിൽ 2023-24 സാമ്പത്തികവർഷത്തിൽ ഭരണാനുമതി ലഭ്യമായ തുകയിൽ (1,81,33,531/-) ഇനി അനുവദിച്ച് നൽകേണ്ട 90,66,766/ - രൂപ രണ്ടാം ഗഡുവായി 2024-2025 സാമ്പത്തിക വർഷത്തിൽ 2425-107-80-34-3 ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിന് പുതുക്കിയ ഭരണാനുമതി-റിലീസ് ഉത്തരവുകൾ ലഭ്യമാക്കണമെന്ന് പരാമർശം (6) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക് 2017-18 മുതൽ 2021-22 സാമ്പത്തിക വർഷം വരെ നൽകിയിട്ടുള്ള നെൽകൃഷിക്കുള്ള പലിശ രഹിത വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ ടി സംഘത്തിന്റെ ക്ലെയിം തുകയായ 1,81,33,531/- രൂപയിൽ ഇനി അനുവദിച്ച് നൽകുവാനുള്ള 90,66,766/ - രൂപ (തൊണ്ണൂറ് ലക്ഷത്തി അറുപത്താറായിരത്തിഎഴുന്നൂറ്റി അറുപത്താറ് രൂപ മാത്രം) 2425-107-80-34-3 ശീർഷകത്തിൽ നിന്നും രണ്ടാം ഗഡുവായി, 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/157/2023/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 18-06-2024 10:10:13

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറി